ഉത്തരം

(എ) വെട്ടിനിരത്തൽ സംബന്ധിച്ച് ചില വാർത്താമാദ്ധ്യമങ്ങളുടെ റിപ്പോർട്ട് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്.

(ബി)–(എഫ്) കൃഷി നാശത്തിന്റെ വിശദാംശങ്ങൾ ലഭ്യമല്ല.

ആത്മഹത്യ ചെയ്ത കർഷക കുടുംബങ്ങൾക്ക് കേന്ദ്രസഹായം

120 [423] *ശ്രീമതി ഗിരിജാ സുരേന്ദ്രൻ:* താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷിയും കയറും വകുപ്പു മന്ത്രി സദയം മറുപടി നൽകുമോ:

(എ) കടക്കെണിമൂലം ആത്മഹത്യ ചെയ്ത കർഷകരുടെ കുടുംബങ്ങളെ സഹായിക്കുന്നതിനായി കേന്ദ്ര ഗവൺമെന്റിൽ നിന്നും എന്തു തുകയുടെ ധനസഹായമാണ് അനുവദിച്ചത്;

(ബി) പ്രസ്തുത തുക ആത്മഹത്യ ചെയ്ത കർഷക കുടുംബങ്ങൾക്ക് നൽകിയിട്ടുണ്ടോ;

(സി) എങ്കിൽ എന്തു തുക വീതം ഇവർക്ക് നൽകിയിട്ടുണ്ടെന്നു പറയാമോ?

ഉത്തരം

(എ) കടക്കെണിമൂലം ആത്മഹത്യ ചെയ്ത കർഷകരുടെ കുടുംബങ്ങളെ സഹായിക്കുന്നതിനായി പ്രത്യേക കേന്ദ്ര സഹായമൊന്നും ലഭിച്ചിട്ടില്ല.

(ബി) & (സി) ചോദ്യം ഉദിക്കുന്നില്ല.

ആത്മഹത്യ ചെയ്ത കർഷകരുടെ കുടുംബങ്ങൾക്ക് ധനസഹായം

121 [424] *ശ്രീമതി ഗിരിജാ സുരേന്ദ്രൻ:* താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷിയും കയറും വകുപ്പു മന്ത്രി സദയം മറുപടി നൽകുമോ:

(എ) വിലത്തകർച്ചയും കടക്കെണിയുംമൂലം ആത്മഹത്യ ചെയ്ത കർഷകരുടെ എണ്ണം വ്യക്തമാക്കുമോ;

(ബി) 2005 ജനുവരിക്കുശേഷം എത്ര കർഷകർ ആത്മഹത്യ ചെയ്തിട്ടുണ്ട്;

(സി) ആത്മഹത്യ ചെയ്ത കർഷകരുടെ കുടുംബങ്ങൾക്ക് ധനസഹായം നൽകിയിട്ടുണ്ടോ; എങ്കിൽ വിശദാംശം വെളിപ്പെടുത്തുമോ;

(ഡി) 218 കർഷകർ ആത്മഹത്യ ചെയ്തതായ സർക്കാർ പ്രഖ്യാപനത്തിന്റെ അടിസ്ഥാനത്തിൽ പ്രസ്തുത കുടുംബങ്ങൾക്ക് നഷ്ടപരിഹാരം നൽകിയിട്ടുണ്ടോ?

LIBRARY ARCHIVES Kerala Legislative Assembly

ഉത്തരം

(എ) കടക്കെണിമൂലം സംസ്ഥാനത്ത് 2000 മുതൽ 2004 വരെ 218 കർഷകർ ആത്മഹത്യ ചെയ്തിട്ടുണ്ട്.

(ബി) ഇതു സംബന്ധിച്ച വിവരം ശേഖരിച്ചുവരുന്നു.

(സി)& (ഡി) ഉണ്ട്. വയനാട് ജില്ലയിൽ ആത്മഹത്യ ചെയ്ത 39 കർഷകരുടെ കുടുംബങ്ങൾക്ക് 50,000 രൂപ വീതം ധനസഹായം നൽകിക്കഴിഞ്ഞു. സംസ്ഥാനത്ത് ഇതുവരെയും ധനസഹായം ലഭിച്ചിട്ടില്ലാത്ത ബാക്കി കർഷകരുടെ കുടുംബങ്ങൾക്ക് കൂടി 50,000 രൂപ വീതം ധനസഹായം മുഖ്യമന്ത്രിയുടെ ദുരിതാശ്വാസ നിധിയിൽ നിന്നും വിതരണം ചെയ്യാൻ അനുമതി നൽകിയിട്ടുണ്ട്.

സംസ്ഥാനത്തെ ക്ഷീരവികസന പ്രവർത്തനങ്ങൾ

122 [426] *ശ്രീ. ഇ. എം. അഗസ്തി:*
„ *പ്രയാർ ഗോപാലകൃഷ്ണൻ:*
„ *ജി. പ്രതാപവർമ്മ തമ്പാൻ:*
„ *എം. എം. ഹസ്സൻ:*
„ *വി. ഡി. സതീശൻ:* താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷിയും കയറും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ;

(എ) ദേശീയ ക്ഷീരവികസന ബോർഡുമായി സംസ്ഥാനത്തെ ക്ഷീരവികസന പ്രവർത്തനങ്ങൾ സംബന്ധിച്ച് മുഖ്യമന്ത്രി ചർച്ച നടത്തുകയുണ്ടായോ;

(ബി) പ്രസ്തുത ചർച്ചയുടെ ഫലമായി ഏതെല്ലാം പദ്ധതികൾ പ്രസ്തുത ബോർഡ് അംഗീകരിച്ചു എന്ന് അറിയിക്കുമോ;

(സി) ഈ പദ്ധതികളുടെ പ്രതീക്ഷിത ചെലവെത്രയാണെന്നും, ചെലവിനുള്ള തുക എപ്രകാരം കണ്ടെത്താനാകുമെന്നും വിശദമാക്കുമോ?

ഉത്തരം

(എ) 20-6-2005-ൽ ചർച്ച നടത്തുകയുണ്ടായി.

(ബി) പ്രസ്തുത ചർച്ചയിൽ മിൽമ സമർപ്പിച്ചിരുന്ന 8810 ലക്ഷം രൂപയുടെ വികസന പദ്ധതികൾ ദേശീയ ക്ഷീരവികസന ബോർഡ് തത്വത്തിൽ അംഗീകരിച്ചു. പ്രസ്തുത പദ്ധതികൾ ചുവടെ ചേർക്കുന്നു.

1. ആലപ്പുഴ പുന്നപ്രയിലെ 60,000 ലിറ്റർ സ്ഥാപിതശേഷിയുള്ള ഡയറി പ്ലാന്റ് ഒരു ലക്ഷം ലിറ്ററായി ഉയർത്തുന്നതിന് 275 ലക്ഷം രൂപ.

2. പട്ടണക്കാട് കാലിത്തീറ്റ ഫാക്ടറിയുടെ അടിസ്ഥാന സൗകര്യ വികസനത്തിനായി 283 ലക്ഷം രൂപ.

LIBRARY ARCHIVES Kerala Legislative Assembly